<u>സാമൂഹ്യ നീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(സാന്നിദ്ധ്യം. അനുപമ.ടി.വി.IAS)

തിരുവനന്തപുരം

<u>നം.ഇ7/24124/2017</u> തീയതി.01/08/2017

വിഷയം: സാമൂഹ്യനീതി വകുപ്പ് ജീവനക്കാര്യം ഹെഡ് അക്കൗണ്ടന്റ്/ ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് താല്ക്കാലിക ഉദ്യോഗക്കയറ്റം /സ്ഥലമാറ്റം ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്

സൂചന:-1)സ.ഉ.(എം.എസ്)നം.65/2015 സാ.നീ.വ തീയതി.30/09/2015

2)സ.ഉ.(എം.എസ്)നം.20/2016 സാ.നീ.വ തീയതി.24/02/2016

3)ഈ കാര്യാലയത്തിലെ 08-10-2014 ലെ ഇ9/25959/13 നം ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ ഐ.സി.ഡി.എസ് മൂന്നാംഘട്ട വികസനത്തിന്റെ ഭാഗമായി 73 ജൂനിയർ സൂപ്രണ്ടുമാരുടെ തസ്തികകൾ അനുവദിച്ചു കൊണ്ട് പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 5 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II, കാറ്റഗറി 12 ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III /ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ എന്നീ തസ്തികക്കളുടെ ഫീഡർ കാറ്റഗറിയിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ ഒഴിവാക്കി കേരള സോഷ്യൽ വെൽഫയർ സബ് ഓർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം ഭേദഗതി ചെയ്തതിനു ശേഷം മാത്രമേ ടി 73 ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം ക്രമീകരിക്കാവൂ എന്ന വ്യവസ്ഥയിന്മേൽ ടി തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഒഴിവുള്ളതും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നല്കിയതു മൂലം ഉണ്ടായതുമായ ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്കുമാരുടെ 6 ഒഴിവുകൾ നിലവിലുണ്ട്.

ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്കുമാരുടെ 6 ഒഴിവുകളിലേക്ക് പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ക്രമനം 30 മുതൽ ക്രമനം 37 വരെയുള്ള ജീവനക്കാരിൽ വകുപ്പ് ഉപേക്ഷിച്ചു പോയതും, സേവനത്തിൽ നിന്നും വിരമിച്ചതുമായ യഥാക്രമം ക്രമനം.30, ക്രമനം 36 എന്നീ ജീവനക്കാരെ ഒഴിവാക്കി സീനിയർക്ലാർക്കുമാരുടെ മുൻഗണനപ്പട്ടിക അനുസരിച്ച് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന 6 ജീവനക്കാർക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര് | സീനിയോറിറ്റി ലിസ്റ്റിലെ ക്രമനം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.എൻ.രാധകൃഷ്ണൻ | ക്രമ നം 30 No.E9/25959/13 Dt.08/10/14 | വകുപ്പ് ഉപേക്ഷിച്ചു |
| 2 | ശ്രീമതി.ഡീന ഇഗ്നേഷ്യസ് | ക്രമ നം 31 No.E9/25959/13 Dt.08/10/14 | |
| 3 | ശ്രീമതി.എൻ.രാജികൃഷ്ണൻ | ക്രമ നം 32 No.E9/25959/13 Dt.08/10/14 | |
| 4 | ശ്രീ.കെ.പി.അജിൽ കുമാർ | ക്രമ നം 33 No.E9/25959/13 Dt.08/10/14 | |
| 5 | ശ്രീ.ഡി.സുരേഷ്ബാബു | ക്രമ നം 34 No.E9/25959/13 Dt.08/10/14 | |
| 6 | ശ്രീമതി.കെ.വൽസലകുമാരി | ക്രമ നം 35 No.E9/25959/13 Dt.08/10/14 | |
| 7 | ശ്രീമതി.പി.റഷീദ | ക്രമ നം 36 No.E9/25959/13 Dt.08/10/14 | സേവനത്തിൽ നിന്നും വിരമിച്ചു |
| 8 | ശ്രീമതി.കെ.രാധിക | ക്രമ നം 37 No.E9/25959/13 Dt.08/10/14 | |

ടി ജീവനക്കാർക്ക് കെ.എസ്.&എസ്.എസ് ആർ ചട്ടം 31 എ(1) പ്രകാരം 27800-59400 രൂപ ശമ്പള സ്കെയിലിൽ ഹെഡ്അക്കൗണ്ടന്റ്/ഹെഡ്ക്ലാർക്ക് തസ്തികയിലേക്ക് താൽക്കാലിക ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചു നിലവിൽ ഹെഡ് അക്കൗണ്ടന്റായി സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

<u>സ്ഥലമാറ്റം</u>

| ക്രമ നം | പേര് തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലമാറ്റം നല്കി നിയമിക്കുന്ന കാര്യാലയം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.സഞ്ജയൻ.എം.വി<br>ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് പേരാവൂർ | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് പാലക്കാട് | അപേക്ഷ |

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നം | പേര് തസ്തിക ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നല്കി നിയമിക്കുന്ന തസ്തിക കാര്യാലയം | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി.ഡിന ഇഗ്നേഷ്യസ്<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>ചൊവ്വന്നൂർ അഡീഷണൽ | ഹെഡ്അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് കണ്ണൂർ റൂറൽ | ഉദ്യോഗക്കയറ്റം |
| 2 | ശ്രീമതി.രാജികൃഷ്ണൻ<br>സീനിയർ ക്ലാർക്ക്<br>സാമൂഹ്യ നീതി ഡയറക്ടറേറ്റ് | ഹെഡ്അക്കൗണ്ടന്റ്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ഉദ്യോഗക്കയറ്റം |
| 3 | ശ്രീ കെ.പി.അജിൽകുമാർ<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ് പെരിന്തൽമണ്ണ | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് മങ്കട | ഉദ്യോഗക്കയറ്റം |
| 4 | ശ്രീ. ഡി.സുരേഷ്ബാബു<br>സീനിയർ ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>തിരുവനന്തപുരം അർബൻ II | ഹെഡ് അക്കൗണ്ടന്റ്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | ഉദ്യോഗക്കയറ്റം |
| 5 | ശ്രീമതി.കെ.വൽസലകുമാരി<br>സീനിയർ ക്ലാർക്ക്<br>ഇരിങ്ങാലക്കുട | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് പാനൂർ | ഉദ്യോഗക്കയറ്റം |
| 6 | ശ്രീമതി.കെ.പി.രാധിക<br>സീനിയർ ക്ലാർക്ക്<br>ചാവക്കാട് | ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ്<br>ഐ.സി.ഡി.എസ് മലമ്പുഴ | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ തുടർച്ചയായ രണ്ടു വർഷക്കാലയളവിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തീകരിക്കേണ്ടതാണ്.

സ്ഥലമാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും. ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം കാര്യാലയമേധാവികൾ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സ്ഥലമാറ്റം/ഉദ്യോഗക്കയറ്റംഅനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹത യുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സാമൂഹ്യനീതിഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
<u>പകർപ്പ്</u>
സ്റ്റോക്ക് ഫയൽ /സ്പെയർ
വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്